"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കുടുംബശ്രീ - 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ "2515-00-102-29 PV" ശീർഷകത്തിൽ കുടുംബശ്രീയുടെയും വിവിധ തുടർ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള 230 കോടി രൂപയും "4515-00-102-47 PV" ശീർഷകത്തിൽ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിനായി വകയിരുത്തിയിട്ടുള്ള 40 കോടി രൂപയുമുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.922/2025/LSGD തീയതി,തിരുവനന്തപുരം, 07-04-2025

---

പരാമർശം:-
1. 07/08/2017- ലെ സ.ഉ(പി)നം.101/2017/ധന നം ഉത്തരവ്.
2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23/03/2025 തീയതിയിലെ KSHO/291/2025-A നം കത്ത്.
3. 29/03/2025 തീയതിയിലെ 27/2025/ധന നം. സർക്കുലർ.

**ഉത്തരവ്**

2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ കുടുംബശ്രീയ്ക്ക് പദ്ധതി വിഹിതമായി 2515-00-102-29- PV എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 230 കോടി രൂപയും 4515-00-102-47 - PV എന്ന ശീർഷകത്തിൽ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിനായി വകയിരുത്തിയിട്ടുള്ള 40 കോടി രൂപയുമുള്ള ഭരണാനുമതി നൽകണമെന്നും മൊത്തം പദ്ധതി വിഹിതത്തിന്റെ ആദ്യ ഗഡു പ്ലാൻ ശീർഷകങ്ങളിൽ കുടുംബശ്രീക്ക് അനുവദിച്ച് നൽകണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. മേൽ ശിപാർശ പ്രകാരം, 2025-26 സാമ്പത്തിക വർഷത്തിൽ തുടർ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പ്രവർത്തനങ്ങൾക്കായി പ്ലാൻ ശീർഷകത്തിൽ ഉദ്ദേശിക്കുന്ന പ്രസ്തുത ഘടകങ്ങളുടെ ഫണ്ട് അലോക്കേഷൻ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

H/A 2515-00-102-29-00-00-00-PV

| 2515-00-102-29-00-00-00-PV | | |
|---|---|---|
| **ക്രമ നമ്പർ** | **പദ്ധതിയുടെ പേര്** | **ഫണ്ട്(കോടിയിൽ)** |
| 1 | ഓർഗനൈസേഷൻ | 59.6138 |
| 2 | ഡി എഫ് കെ | 11.50 |
| 3 | ബഡ്സ് | 10.25 |
| 4 | ബാലസഭ | 3 |
| | | |

| | | |
|---|---|---|
| 5 | ട്രൈബൽ | 4.13 |
| 6 | ജെൻഡർ | 7.3552 |
| 7 | മൈക്രോ ഫിനാൻസ് | 54.65 |
| 8 | മൈക്രോ എന്റർപ്രൈസസ് | 29.75 |
| 9 | അഗ്രികൾച്ചർ ആക്ടിവിറ്റി | 19.525 |
| 10 | അനിമൽ ഹസ് ബൻഡറി | 25.876 |
| 11 | മാർക്കറ്റിംഗ് | 4.35 |
| | **ആകെ** | 230 |

H/A 4515-00-102-47-00-00-00-PV

| 4515-00-102-47-00-00-00-PV | | |
|---|---|---|
| **ക്രമ നം** | **പദ്ധതിയുടെ പേര്** | **ഫണ്ട്(കോടിയിൽ)** |
| 1 | അയൽക്കൂട്ടങ്ങൾക്കുള്ള ആർഎഫ് | 40 |
| | ആകെ | 40 |

3. കുടുംബശ്രീയിലുള്ളത് തുടർ പദ്ധതികളാണെന്നും 2025-26 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ സമയബന്ധിതമായ നടത്തിപ്പിനും പദ്ധതികൾ സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടപ്പാക്കി തുടങ്ങുന്നതിനും വിവിധ പദ്ധികൾക്കായി വകയിരുത്തിയ തുകകൾക്കുള്ള ഭരണാനുമതിയും മൊത്തം പദ്ധതി വിഹിതത്തിന്റെ ആദ്യ ഗഡുവും അനുവദിച്ച് നൽകണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 2025-26 സാമ്പത്തിക വർഷത്തിൽ 2515-00-102-29 PV ശീർഷകത്തിൽ കുടുംബശ്രീയുടെ വിവിധ തുടർ പദ്ധതികൾക്കായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള 230 കോടി രൂപയ്ക്കും (ഇരുനൂറ്റി മുപ്പത് കോടി രൂപ മാത്രം) 4515-00-102-47 PV ശീർഷകത്തിൽ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിനായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള 40 കോടി രൂപയ്ക്കുമുള്ള (നാൽപതു കോടി രൂപ മാത്രം) ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (എഫ് എം) വകുപ്പ്
ധനകാര്യ (WCD) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി(IA1/90/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 07-04-2025 16:46:15
സെക്ഷൻ ഓഫീസർ